ആദിശേഷയ്യ കമ്മീഷൻ റിപ്പോർട്ടിൻമേലുള്ള സർവ്വകലാശാലാ പഠന റിപ്പോർട്ട്

68 [146] ശ്രീ. സി. വാസുദേവമേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർ ആദിശേഷയ്യ കമ്മീഷൻ റിപ്പോർട്ട് സർവ്വകലാശാലകൾക്ക് നൽകിയോ;

(ബി) എങ്കിൽ എന്നാണ് അവ സർവ്വകലാശാലകൾക്ക് അയച്ചത്;

(സി) ഈ റിപ്പോർട്ടിൻമേലുള്ള സർവ്വകലാശാലാ പഠന റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചുവോ;

(ഡി) ഈ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവോ;

(ഇ) ഈ റിപ്പോർട്ടിനെപ്പറ്റിയുള്ള സർവ്വകലാശാലാ റിപ്പോർട്ടിന്റെ സ്വഭാവമെന്താണ്;

(എഫ്) ആദിശേഷയ്യ കമ്മീഷൻ റിപ്പോർട്ട് എന്നു മുതൽക്കാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) നൽകി.

(ബി) 9-5-1985-ൽ.

(സി) ഇല്ല.

(ഡി) പരിശോധിച്ചുവരുന്നു.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) തീരുമാനിച്ചിട്ടില്ല.

അംഗീകാരമില്ലാത്ത സ്കൂളിലെ അദ്ധ്യാപകരുടെ ശമ്പളം

69 [147] ശ്രീ. എ. കെ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗീകാരമില്ലാത്തതിന്റെ പേരിൽ സംസ്ഥാനത്ത് എത്ര സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളം തടഞ്ഞുവച്ചിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ തടഞ്ഞുവച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

കോഴിക്കോട് റീജിയണൽ എൻജിനീയറിംഗ് കോളേജിലെ പുതിയ കോഴ്സുകൾ

70 [149] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് റീജിയണൽ എൻജിനീയറിംഗ് കോളേജിൽ പുതുതായി ഏതെങ്കിലും കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly